**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** — **13-02-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുല്പാദനത്തിൽ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. അനൂപ് ജേക്കബ്</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം 15.7ലക്ഷം മെട്രിക് ടണ്ണായിരുന്നു. ആയത് നിലവിൽ 17.21 ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ഉല്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ)</th></tr>
<tr><td>2016-17</td><td>7.25</td></tr>
<tr><td>2017-18</td><td>10.01</td></tr>
<tr><td>2018-19</td><td>12.12</td></tr>
<tr><td>2019-20</td><td>14.93</td></tr>
<tr><td>2020-21</td><td>15.7</td></tr>
<tr><td>2021-22</td><td>16.01</td></tr>
<tr><td>2022-23</td><td>17.10</td></tr>
<tr><td>2023-24</td><td>17.21</td></tr>
</table>
2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.</td></tr>
<tr><td>(ബി)</td><td>നിലവിലെ ആവശ്യത്തിന്റെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്നും എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും അറിയിക്കാമോ; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം ഒരു വർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 17.21 ലക്ഷം മെ.ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരവും, അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി പെസ്റ്റിസൈഡ് റസിഡ്യു അനാലിസിസ് ലാബിൽ (PRRAL) നിലവിൽ സംവിധാനം ഉണ്ട്. 2013 വർഷം മുതൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ധനസഹായത്തോടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | “സേഫ് ടു ഈറ്റ്” എന്ന പദ്ധതി പ്രകാരം പച്ചക്കറിയുടെ ഗുണനിലവാര പരിശോധന നടത്തി വരുന്നു. പ്രസ്തുത ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികളിൽ എത്തുന്ന ഇതര സംസ്ഥാന പച്ചക്കറികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശി അവശിഷ്ട പരിശോധന പ്രസ്തുത ലാബിൽ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം തിട്ടപ്പെടുത്തി തൊട്ടടുത്തമാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. ഇത്തരത്തിൽ 64 റിപ്പോർട്ടുകൾ കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇതു വഴി കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതു ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും സഹായകമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയും ഇതര സംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സാധ്യമാകുന്നു. |
| (സി) | പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, മഴമറയിലെ പച്ചക്കറി കൃഷി എന്നീ നൂതന ഘടകങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. സസ്യ വളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായഅളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി. ജലസേചനത്തിനായി ഡ്രിപ്പും ജലസേചനത്തിനൊപ്പം രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി പോളിഹൗസുകളിലും , തുറസ്സായ സ്ഥലത്തും നടത്താവുന്നതാണ്. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു.<br><br>വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 |

സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

- ഹൈടെക് കൃഷി രീതി അവലംബിച്ച് കൃഷിനടപ്പിലാക്കുന്നതിലൂടെ 25 മുതൽ 35 % വരെ ഉൽപാദന വർദ്ധനവ് സാധ്യമാകുന്നു.
- വെള്ളം, വളം മുതലായവ യഥാസമയം, യഥാസ്ഥലത്ത് കൃത്യമായ അളവിൽ നൽകുക എന്നതാണ് ഹൈടെക് കൃഷിയിലൂടെ ഉദ്ദേശിക്കുന്നത് ഇതു വഴി 1000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളി ഹൗസിൽ നിന്നും പ്രതിവർഷം 3 ലക്ഷം രൂപ വരെ ലാഭം പ്രതീഷിക്കുന്നു .
- തൊഴിലാളികളുടെ ദൗർലഭ്യവും വേതനവും കൂടുതലുള്ള കേരളത്തിൽ ഹൈടെക് കൃഷിയിലൂടെ ഇവ പരിഹരിക്കുവാനും ചെലവ് കുറയ്ക്കുവാനും സാധിക്കും.
- വർഷത്തിൽ ആറു മാസത്തോളം മഴ ലഭിക്കുന്നതിനാൽ നമ്മുടെ നാട്ടിലെ പച്ചക്കറി കൃഷി വേനൽക്കാലത്താണ് പ്രധാനമായും നടത്തുന്നത് . എന്നാൽ പോളീഹൗസുകളിൽ കൃഷി ചെയ്യുന്നതിലൂടെ വർഷത്തിലുടനീളം പച്ചക്കറി , പുഷ്പങ്ങൾ എന്നിവ കൃഷി ചെയ്യുവാൻ സാധിക്കുന്നു.
- സംരക്ഷിത കൃഷിയായതു കൊണ്ട് രോഗകീട നിയന്ത്രണം പൂർണ്ണമായും സാധ്യമാക്കുകയും അതുവഴി വിളനാശം കുറയുകയും ചെയ്യുന്നു.
- ഉൽപ്പാദന ഉപാധികളുടെ മിതമായ ഉപയോഗം
- ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിക്കുന്നു .

ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെതുടരുന്നതുമായ ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഉൽപ്പദാന വർദ്ധനവിനായി നൂതന കൃഷിരീതികളായ അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാർമിംഗ് എന്നിവ േ്രാത്സാഹിപ്പിക്കുന്നു.
- നൂതന സാങ്കേതി വിദ്യയുടെ സഹായത്തോടെ കുറഞ്ഞത് രണ്ടോ അതിലധികമോ വിളകൾ നിശ്ചിത സ്ഥലത്ത് കൃഷി ചെയ്യുന്നതിലൂടെ ഉൽപ്പാദന വർദ്ധനവ് കൈവരിക്കുവാൻ സാധ്യമാകുന്നു.

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി (ഒരു വീട്- ഒരു പോഷകത്തോട്ടം ) - ഓരോ വീട്ടുവളപ്പുകളിലും ലഭ്യമായ സ്ഥലം കണ്ടെത്തി പച്ചക്കറി കൃഷിയിലേക്കു കൊണ്ടുവരികയും പോഷകത്തോട്ടങ്ങൾ നിർമ്മിച്ച് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് സാധിക്കുന്നു .
- ഫ്ളാറ്റുകളിലെയും മട്ടുപ്പാവുകളിലെയും കൃഷി പ്രോത്സാഹനം - സ്ഥലക്കുറവുമൂലം കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് മട്ടുപ്പാവുകളും ഫ്ളാറ്റിലെ ബാൽക്കണികളിലും മൺചട്ടികളിലോ HDPE ചട്ടികളിലോ ഉള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.സ്ഥാപനാധിഷ്ഠിത പച്ചക്കറികൃഷി : വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതിര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ, പ്രൊജക്റ്റ് അധിഷ്ഠിത പച്ചക്കറി കൃഷി , വിദ്യാഭാസ സ്ഥാപനങ്ങളിൽ പെരിമീറ്റർ കൃഷി , സ്കൂൾ പച്ചക്കറി തോട്ടം നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു .
- ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷികമേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി **"പോഷക സമൃദ്ധി മിഷൻ"** രൂപീകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചു നടപ്പിലാക്കി വരുന്നു. പച്ചക്കറി, പഴവർഗ്ഗങ്ങൾ,പയർവർഗ്ഗങ്ങൾ,ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ വിസ്തൃതി വ്യാപനം ഉൽപ്പാദന വർധനവ് മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, വിപണനം തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സംയോജനത്തിലൂടെയാണ് പോഷക സമൃദ്ധി മിഷൻ നടപ്പിലാക്കുന്നത്. കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടാണ് മിഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്.
- പോഷക സമൃദ്ധി മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികളുടെ വിവരങ്ങൾ ചുവടെ

| | | | |
|---|---|---|---|
| | | | ചേർക്കുന്നു;<br>• പയർവർഗ്ഗ വിളകളുടെ ഉൽപ്പാദനം, മൂല്യവർദ്ധനം, വിപണനം എന്നിവയുടെ പ്രവർത്തനങ്ങൾ പയർവർഗ്ഗ വിളകളുടെ വ്യാപന പദ്ധതിയുടെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.<br>• കൂൺ കൃഷി പ്രോത്സാഹനം - മിഷനിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പോഷക തളിക പ്രകാരമുള്ള സമീകൃത ആഹാരം ലഭിക്കുന്നതിന് വേണ്ടി കൂൺ കൃഷിയും കൂൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.<br>• കേന്ദ്ര പദ്ധതികൾ - ആർ. കെ. വി. വൈ. : ചെറുധാന്യ കൃഷിയുടെ വിസ്തൃതി വികസനം, മൂല്യവർദ്ധനവ്, വിപണനം -ആർ. കെ. വി. വൈ. പദ്ധതിയിലൂടെ ചെറുധാന്യകൃഷിയുടെ വിസ്തൃതി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി റാഗി, ചാമ, തിന, വരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി, പനിവരഗ് എന്നിവയുടെ കൃഷി വ്യാപനം, ഉത്പാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ കൃഷി വകുപ്പ് ഫാമുകൾ/ കർഷക ഉത്പ്പാദക സംഘടനകൾ/മില്ലെറ്റ് കഫേ/മില്ലെറ്റ് സംസ്കരണ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ